**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4807** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിൽ നിന്നും നൽകിയ കരാർ വർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ നിന്നും സെവൻ സ്റ്റാർ ഗ്രാഫിക്, അഴകത്ത് വീട്, വേങ്കവിള, പഴകുറ്റി പി.ഒ., നെടുമങ്ങാട് എന്ന സ്ഥാപനത്തിന് വിവിധ കരാറുകളിലും കോൺട്രാക്ട് വർക്കുകളിലുമായി ആകെ എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നുള്ള വിവരം ഇനം, തീയതി, തുക എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും സെവൻ സ്റ്റാർ ഗ്രാഫിക്സ്, അഴകത്ത് വീട്, വേങ്കവിള, പഴകുറ്റി പി.ഒ, നെടുമങ്ങാട് എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| **ഇനം** | **തീയതി** | **അനുവദിച്ച തുക** |
|---|---|---|
| ലേ ഔട്ട് നിർവ്വഹിച്ച വകയിൽ | 2018 ഡിസംബർ | 15,000/- രൂപ |
| | 2019 ജനുവരി | 15,000/- രൂപ |
| | 2019 ഫെബ്രുവരി | 17,000/- രൂപ |
| | 2019 ഏപ്രിൽ - മെയ് | 17,000/- രൂപ |
| | 2019 ജൂൺ | 15,000/- രൂപ |
| | 2019 ജൂലൈ | 15,000/- രൂപ |
| | 2019 ആഗസ്റ്റ് | 15,000/- രൂപ |
| | 2019 സെപ്തംബർ | 15,000/- രൂപ |
| **ആകെ** | | **1,24,000/- രൂപ** |

ഈ സർക്കാരിന്റെ കാലത്ത് ടി സ്ഥാപനത്തിന് തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥാപനത്തിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും വർക്കുകൾ/ കോൺട്രാക്ടുകൾ/കരാറുകൾ എന്നിവ നൽകിയത് സ്റ്റോർ പർച്ചേസ്/കേരള ഫിനാൻഷ്യൽ കോഡ് എന്നീ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണോയെന്ന് അറിയിക്കാമോ; | (ബി) | യുവത മാഗസിനുള്ള ലേ ഔട്ട് നിർവ്വഹിക്കുന്നതിലേക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും, ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത സ്ഥാപനത്തിന് യുവജനക്ഷേമ ബോർഡിൽ നിന്നും വിവിധ കരാറുകളും വർക്കുകളും മറ്റും നൽകിയത് ഇവരുടെ മുൻപരിചയം കണക്കിലെടുത്താണോയെന്ന് അറിയിക്കാമോ; അല്ലെങ്കിൽ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വർക്കുകൾ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | യുവത മാഗസിനുള്ള ലേ ഔട്ട് നിർവ്വഹിക്കുന്നതിലേക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും, ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ